**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3378** **26-06-2024 - ൽ മറുപടിയ്ക്ക്**

**സ്പെഷ്യൽ എഡ്യൂക്കേറ്റർമാർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എം. കെ. മുനീർ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | 2018 മുതൽ സ്പെഷ്യൽ എഡ്യൂക്കേറ്റർമാരുടെ വേതനം വെട്ടിക്കുറച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | 2018 ഏപ്രിൽ മുതലാണ് സമഗ്ര ശിക്ഷാ പദ്ധതി നിലവിൽ വന്നത്. 2018 ന് മുൻപ് സെക്കന്ററി വിഭാഗം സ്പെഷ്യൽ എഡ്യൂക്കേറ്റർമാർ ആർ.എം.എസ്.എ യുടെ കീഴിലായിരുന്നു പ്രവർത്തിച്ചിരുന്നത്. ആർ.എം.എസ്.എ യുടെ ഭാഗമായിരുന്ന കാലയളവിൽ എലമെന്ററി വിഭാഗം സ്പെഷ്യൽ എഡ്യൂക്കേറ്റർമാർക്ക് പ്രതിമാസം 22000 /-രൂപയും സെക്കന്ററി വിഭാഗം സ്പെഷ്യൽ എഡ്യൂക്കേറ്റർമാർക്ക് പ്രതിമാസം 28,815/-രൂപയും വേതനമായി നൽകിയിരുന്നു. 10 മാസത്തേയ്ക്കാണ് ഈ തുക നൽകിയിരുന്നത്. അവധിക്കാലമായ ഏപ്രിൽ മെയ് മാസങ്ങളിൽ ഇവരുടെ സേവനം ലഭിച്ചിരുന്നില്ല.<br><br>എന്നാൽ 2018-19 അധ്യയന വർഷം മുതൽ സ്പെഷ്യൽ എഡ്യൂക്കേറ്റർമാരെ വർഷത്തിൽ 12 മാസവും കരാർ അടിസ്ഥാനത്തിൽ നിയമനം നൽകിവരുന്നു. സമഗ്ര ശിക്ഷാ മാനദണ്ഡ പ്രകാരം ഇന്ത്യയിലെ എല്ലാ സംസ്ഥാനത്തിലും എലമെന്ററി വിഭാഗം സ്പെഷ്യൽ എഡ്യൂക്കേറ്റർമാർക്ക് പ്രതിമാസം നൽകാവുന്ന പരമാവധി തുക 20,000/-രൂപയും സെക്കന്ററി വിഭാഗം സ്പെഷ്യൽ എഡ്യൂക്കേറ്റർമാർക്ക് പ്രതിമാസം നൽകാവുന്ന പരമാവധി തുക 25,000/-രൂപയുമാണ്. കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയം ഓരോ വർഷവും പ്രോജക്ട് അപ്രൂവൽ ബോർഡ് യോഗം ചേർന്നാണ് സമഗ്രശിക്ഷാ കേരളയുടെ വിവിധ പദ്ധതികൾ അംഗീകരിക്കുന്നതും പ്രവർത്തനങ്ങൾക്കായി തുക അനുവദിക്കുന്നതും. ഇത് 60% കേന്ദ്ര വിഹിതവും 40% സർക്കാർ വിഹിതവും എന്ന രീതിയിലാണ് നടപ്പിലാക്കുന്നത്. സ്പെഷ്യൽ എഡ്യൂക്കേറ്റർമാരുടെ വാർഷിക ശമ്പളം വർദ്ധിപ്പിച്ചുവെങ്കിലും 10 മാസത്തേയ്ക്കായി നൽകിയിരുന്ന തുക 12 മാസങ്ങളിലായി നൽകുന്നതിലാണ് പ്രതിമാസ ശമ്പളത്തിൽ കുറവ് അനുഭവപ്പെടുന്നത്. |

| | | | |
|---|---|---|---|
| | | | സ്പെഷ്യൽ എഡ്യൂക്കേറ്റർമാരുടെ വേതനം കാലോചിതമായി പരിഷ്കരിക്കുന്നതിനുള്ള പ്രൊപ്പോസൽ ഓരോ വർഷവും കേന്ദ്രവിദ്യാഭ്യാസ മന്ത്രാലയത്തിന് സമർപ്പിക്കാറുണ്ടെങ്കിലും പ്രോജക്ട് അപ്രൂവൽ ബോർഡ് നിലവിൽ അനുവദിക്കുന്ന തുക വർദ്ധിപ്പിക്കുന്നതിനുള്ള അംഗീകാരം നൽകിയിട്ടില്ല. അടുത്ത വർഷത്തെ പ്രൊപ്പോസൽ സമർപ്പിക്കുമ്പോഴും വേതനം പരിഷ്കരിക്കുന്നതിനുള്ള പ്രൊപ്പോസൽ കേന്ദ്രവിദ്യാഭ്യാസ മന്ത്രാലയത്തിന് സമർപ്പിക്കുന്നതാണ്. |
| (ബി) | ആറ് വർഷമായി വേതന വർദ്ധനവ് ഇല്ലാത്ത സ്പെഷ്യൽ എഡ്യൂക്കേറ്റർമാരുടെ വേതനം കാലോചിതമായി പരിഷ്കരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) | 2018 ഏപ്രിൽ മുതലാണ് സമഗ്ര ശിക്ഷാ പദ്ധതി നിലവിൽ വന്നത്. 2018 ന് മുൻപ് സെക്കന്ററി വിഭാഗം സ്പെഷ്യൽ എഡ്യൂക്കേറ്റർമാർ ആർ.എം.എസ്.എ യുടെ കീഴിലായിരുന്നു പ്രവർത്തിച്ചിരുന്നത്. ആർ.എം.എസ്.എ യുടെ ഭാഗമായിരുന്ന കാലയളവിൽ എലമെന്ററി വിഭാഗം സ്പെഷ്യൽ എഡ്യൂക്കേറ്റർമാർക്ക് പ്രതിമാസം 22000 /-രൂപയും സെക്കന്ററി വിഭാഗം സ്പെഷ്യൽ എഡ്യൂക്കേറ്റർമാർക്ക് പ്രതിമാസം 28,815/-രൂപയും വേതനമായി നൽകിയിരുന്നു. 10 മാസത്തേയ്ക്കാണ് ഈ തുക നൽകിയിരുന്നത്. അവധിക്കാലമായ ഏപ്രിൽ മെയ് മാസങ്ങളിൽ ഇവരുടെ സേവനം ലഭിച്ചിരുന്നില്ല.<br><br>എന്നാൽ 2018-19 അധ്യയന വർഷം മുതൽ സ്പെഷ്യൽ എഡ്യൂക്കേറ്റർമാരെ വർഷത്തിൽ 12 മാസവും കരാർ അടിസ്ഥാനത്തിൽ നിയമനം നൽകിവരുന്നു. സമഗ്ര ശിക്ഷാ മാനദണ്ഡ പ്രകാരം ഇന്ത്യയിലെ എല്ലാ സംസ്ഥാനത്തിലും എലമെന്ററി വിഭാഗം സ്പെഷ്യൽ എഡ്യൂക്കേറ്റർമാർക്ക് പ്രതിമാസം നൽകാവുന്ന പരമാവധി തുക 20,000/-രൂപയും സെക്കന്ററി വിഭാഗം സ്പെഷ്യൽ എഡ്യൂക്കേറ്റർമാർക്ക് പ്രതിമാസം നൽകാവുന്ന പരമാവധി തുക 25,000/-രൂപയുമാണ്. കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയം ഓരോ വർഷവും പ്രോജക്ട് അപ്രൂവൽ ബോർഡ് യോഗം ചേർന്നാണ് സമഗ്രശിക്ഷാ കേരളയുടെ വിവിധ പദ്ധതികൾ അംഗീകരിക്കുന്നതും പ്രവർത്തനങ്ങൾക്കായി തുക അനുവദിക്കുന്നതും. ഇത് 60% കേന്ദ്ര വിഹിതവും 40% സർക്കാർ വിഹിതവും എന്ന രീതിയിലാണ് നടപ്പിലാക്കുന്നത്. സ്പെഷ്യൽ എഡ്യൂക്കേറ്റർമാരുടെ വാർഷിക ശമ്പളം വർദ്ധിപ്പിച്ചുവെങ്കിലും 10 മാസത്തേയ്ക്കായി നൽകിയിരുന്ന തുക 12 മാസങ്ങളിലായി നൽകുന്നതിലാണ് പ്രതിമാസ ശമ്പളത്തിൽ കുറവ് അനുഭവപ്പെടുന്നത്. |

| | | | |
|---|---|---|---|
| | | | സ്പെഷ്യൽ എഡ്യൂക്കേറ്റർമാരുടെ വേതനം കാലോചിതമായി പരിഷ്കരിക്കുന്നതിനുള്ള പ്രൊപ്പോസൽ ഓരോ വർഷവും കേന്ദ്രവിദ്യാഭ്യാസ മന്ത്രാലയത്തിന് സമർപ്പിക്കാറുണ്ടെങ്കിലും പ്രോജക്ട് അപ്രൂവൽ ബോർഡ് നിലവിൽ അനുവദിക്കുന്ന തുക വർദ്ധിപ്പിക്കുന്നതിനുള്ള അംഗീകാരം നൽകിയിട്ടില്ല. അടുത്ത വർഷത്തെ പ്രൊപ്പോസൽ സമർപ്പിക്കുമ്പോഴും വേതനം പരിഷ്കരിക്കുന്നതിനുള്ള പ്രൊപ്പോസൽ കേന്ദ്രവിദ്യാഭ്യാസ മന്ത്രാലയത്തിന് സമർപ്പിക്കുന്നതാണ്. |
| (സി) | എല്ലാ പൊതുവിദ്യാലയങ്ങളിലും സ്പെഷ്യൽ എഡ്യൂക്കേറ്റർമാരെ സ്ഥിരമായി നിയമിക്കണമെന്ന സുപ്രീംകോടതിയുടെ വിധി നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (സി) | 28.10.2021 ലെ ബഹു. സുപ്രീം കോടതി വിധി (writ petition civil 132 of 2016) പ്രകാരം എല്ലാ പൊതുവിദ്യാലയങ്ങളിലും സ്പെഷ്യൽ എഡ്യൂക്കേറ്റർമാരെ സ്ഥിരമായി നിയമിക്കണമെന്ന് ഉത്തരവായിരുന്നു. എന്നാൽ സമഗ്ര ശിക്ഷാ കേരളം ഒരു പ്രോജക്ടായതിനാൽ സ്ഥിരനിയമനം അപ്രായോഗികമാണ്. കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയത്തിൽ നിന്ന് നിർദേശങ്ങൾ ലഭിക്കുന്ന മുറയ്ക്ക് മാത്രമേ തുടർ നടപടികൾ സ്വീകരിക്കാനാവൂ.<br><br>ബഹു. സുപ്രീം കോടതിയുടെ WP(C)132/2016, 876/2017 നമ്പർ കേസിലെ 28.10.2021ലെ വിധിന്യായം നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് സമഗ്രമായ റിപ്പോർട്ട് തയ്യാറാക്കുന്നതിനായി ഒരു കമ്മിറ്റി രൂപീകരിക്കുകയും ടി കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഒരു താല്ക്കാലിക ക്രമീകരണം എന്ന നിലയിൽ സമഗ്ര ശിക്ഷ കേരളയുടെ കീഴിൽ ക്ലബ്ബിംഗ് രീതിയിൽ കരാർ അടിസ്ഥാനത്തിൽ നിയമിക്കപ്പെട്ടിട്ടുള്ള 2886 സ്പെഷ്യൽ എഡ്യൂക്കേറ്റർമാരുടെ സേവനം ഉപയോഗപ്പെടുത്തുന്നതിനും അതോടൊപ്പം സ്വീകരിക്കേണ്ട അനുബന്ധ നടപടിക്രമങ്ങൾ സംബന്ധിച്ചും ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.<br><br>ബഹു. കോടതിയുടെ 28.10.2021 ലെയും തുടർന്നുള്ള ഉത്തരവുകളുടെയും അടിസ്ഥാനത്തിൽ നിലവിലുള്ള മാനദണ്ഡങ്ങൾ പ്രകാരം സ്പെഷ്യൽ എഡ്യൂക്കേറ്റർമാരെ സ്ഥിരമായി നിയമിക്കുകയാണെങ്കിൽ വലിയ സാമ്പത്തിക ബാധ്യതയുണ്ടാകുമെന്നതിനാൽ ഈ വിഷയത്തിൽ ബഹു. ധനകാര്യ വകുപ്പ് മന്ത്രിയുടെ അധ്യക്ഷതയിൽ 05.06.2024 ൽ ഒരു ഉന്നതതല യോഗം ചേരുകയും തുടർ നടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നു. |
| (ഡി) | എല്ലാ പൊതുവിദ്യാലയങ്ങളിലും സ്പെഷ്യൽ എഡ്യൂക്കേറ്റർമാരുടെ മുഴുവൻ സമയ സേവനം ഉറപ്പുവരുത്തുന്നതിന് നടപടി സ്വീകരിക്കുമോ? | (ഡി) | എല്ലാ സ്കൂളിലും സ്പെഷ്യൽ എജ്യൂക്കേറ്റർമാരെ വിന്യസിക്കുന്നതിനായി അത്രയും എണ്ണം സ്പെഷ്യൽ എജ്യൂക്കേറ്റർമാരുടെ തസ്തികയ്ക്ക് കേന്ദ്രവിദ്യാഭ്യാസ |

| | | | |
|---|---|---|---|
| | | | മന്ത്രാലയം അംഗീകാരം നൽകിയിട്ടില്ല. എന്നാൽ പരമാവധി സ്കൂളുകളിൽ സ്പെഷ്യൽ എജ്യൂക്കേറ്റർമാരുടെ സേവനം ലഭ്യമാക്കുന്നതിനായി സ്പെഷ്യൽ എജ്യൂക്കേറ്റർമാർക്ക് ഒന്നിലധികം സ്കൂളുകളുടെ ചുമതല നൽകിയിട്ടുണ്ട്. എല്ലാ ക്ലസ്റ്ററുകളിലും കുറഞ്ഞത് ഒരു സ്പെഷ്യൽ കെയർ സെന്റർ പ്രവർത്തിക്കുന്നുണ്ട്. ഈ സെന്ററുകളിൽ ഏത് സ്കൂളിലെയും ഭിന്നശേഷി വിഭാഗം കുട്ടികൾക്ക് സേവനം തേടാവുന്നതാണ്. എല്ലാ ബി.ആർ.സിയുടെ കീഴിലും ഓരോ ഓട്ടിസം സെന്ററും തെറാപ്പി സെന്ററുകളും പ്രവർത്തിക്കുന്നുണ്ട്. പ്രസ്തുത സെന്ററുകളുടെ സേവനവും ഭിന്നശേഷി വിഭാഗം കുട്ടികൾക്ക് പ്രയോജനപ്പെടുത്താവുന്നതാണ്. |

സെക്ഷൻ ഓഫീസർ